# ജീബൻ ഥേകേ നേയ

ഇന്ത്യയിൽ പ്രദർശിപ്പിക്കുന്ന ഒന്നാമത്തെ ബംഗ്ലാദേശ് ചിത്രം

## എം. പ്രഭാകരൻ

പാകിസ്താൻ ഗവൺമെന്റിനെതിരായി കിഴക്കൻ ബങ്കാളിൽ ഈയിടെ നടന്ന വിമോചനസമരത്തിന്റെ പശ്ചാത്തലത്തിൽ നിർമിച്ച ഈ ചിത്രം ക്രൂരയും കഠിന ഹൃദയയുമായ ഒരു സ്ത്രീയുടെ കുടുംബഭരണത്തിൻകീഴിൽ മറ്റംഗങ്ങൾക്കനുഭവിക്കേണ്ടിവന്ന കഷ്ടപ്പാടുകളുടെയും അവസാനം അതിനവൾ അനുഭവിച്ച ശിക്ഷയുടെയും വെറുമൊരു ചിത്രീകരണം മാത്രമല്ലെന്നും മറിച്ച്, യഹ്യാഖാൻ കിഴക്കൻബങ്കാളിൽ നടത്തിയ കിരാതവാഴ്ചയ്ക്ക് ഒരിക്കൽ സമാധാനം പറയേണ്ടിവരുമെന്ന ശക്തനുമായ ഒരു താക്കീതുകൂടിയാണെന്നും കലാമർമ്മം ഗ്രഹിച്ചവർക്ക് മനസ്സിലാക്കാൻ കഴിയും. പാകിസ്താൻ ഗവൺമെന്റ് എല്ലാ കോപ്പികളും പിടിച്ചെടുത്ത് നിരോധിച്ച ഈ ചിത്രം പീപ്പിൾസ് റിപ്പബ്ളിക് ഓഫ് ബംഗ്ലാദേശ് ഹൈക്കമ്മീഷന്റെ ആഭിമുഖ്യത്തിൽ ഈയിടെ കൽക്കത്തയിൽ പ്രദർശനമാരംഭിച്ചപ്പോൾ ചലച്ചിത്രപ്രേമികളെ മാത്രമല്ല, സാധാരണ ജനങ്ങളെക്കൂടി ആകർഷിക്കുകയുണ്ടായി. വിമോചനസമരത്തിന്റെ നാന്ദിയായി നടന്ന ഭാഷാപ്രക്ഷോഭത്തിന്റെ നിരവധി ദൃശ്യങ്ങൾ ഒരു കുടുംബകഥയോട് മനോഹരമായി കോർത്തിണക്കി, അടിച്ചമർത്തപ്പെട്ട ഒരു ജനതയുടെ ആവേശവും രോഷവും ഹൃദയസ്പർശിയായി പകർത്തി കാണിക്കുന്നതിൽ കഥാകൃത്തും സംവിധായകനുമായ സഹിർറായ്ഹാൻ തികച്ചും വിജയിച്ചിട്ടുണ്ടെന്ന് പറയാം. മറ്റു പലരേയും അപേക്ഷിച്ച് ചലച്ചിത്ര സംവിധാനത്തോടുള്ള അദ്ദേഹത്തിന്റെ സമീപനത്തിന്റെയും വ്യത്യസ്തവും മൗലികവുമായ വീക്ഷണഗതിയുടെയും അതിനൊത്തു പ്രവർത്തിക്കുന്ന അസാമാന്യമായ പ്രതിഭാശക്തിയുടെടയും നിദർശനം കൂടിയാണ് ഈ ചിത്രം.

**ഒരു സാധാരണകഥ, എങ്കിലും**

പ്രത്യേകിച്ചു വരുമാനമൊന്നുമില്ലാത്ത സാധുവായ ഭർത്താവിനേയും രണ്ടു സഹോദരന്മാരേയും തന്റെ ചൊല്പടിക്കു നിർത്തി കുടുംബത്തിന്റെ താക്കോലടക്കിപ്പിടിച്ചു നടക്കുന്ന മൂത്ത സഹോദരിയുടെ ക്രൂരമായ പെരുമാറ്റം സഹിക്കവയ്യാതായപ്പോൾ അവൾക്കെതിരായി അവർ ശബ്ദമുയർത്താൻ തുടങ്ങി. തന്റെ അധികാരം നഷ്ടപ്പെടുമെന്ന ഭയത്താൽ പ്രായമായിട്ടുകൂടി അവൾ അനുജന്മാരെ വിവാഹത്തിനു സമ്മതിക്കുന്നില്ല. ജ്യേഷ്ഠത്തിയുടെ ആശീർവാദത്തോടുകൂടി ഒരു പെൺകുട്ടി വീട്ടിൽ കയറി വരില്ലെന്നു ബോധ്യമായപ്പോൾ, ജ്യേഷ്ഠത്തിക്കെതിരായി ഒരിക്കലും ഒരു വാക്കുരിയാടാൻ കൂടി ധൈര്യപ്പെടാത്ത മൂത്ത സഹോദരൻ, വിമോചനപ്രസ്ഥാനത്തിന്റെ നേതാക്കളിലൊരാളായ അൻവറിന്റെ സഹോദരി സാഥിയെ വിവാഹം ചെയ്തു വീട്ടിലേക്കു കൂട്ടിക്കൊണ്ടു വരുന്നതോടെ ആ കുടുംബത്തിന്റെ അന്തരീക്ഷം കൂടുതൽ കലങ്ങി മറിഞ്ഞു. ഭർത്താവിനോടുള്ള ആദരവും സ്നേഹവും മൂലം ജ്യേഷ്ഠത്തിയുടെ ദ്രോഹങ്ങൾ ആ പെൺകുട്ടി നിശ്ശബ്ദം സഹിച്ചുപോന്നു. ഒരുദിവസം കോളേജ് വിദ്യാർത്ഥിയും വിപ്ലവകാരിയുമായ ഇളയസഹോദരൻ റസ്സാക്ക്, കുടുംബഭരണം നടത്താനുള്ള യഥാർത്ഥ അവകാശം ജ്യേഷ്ഠത്തിയമ്മയ്ക്കാണെന്നും താക്കോൽ ഉടനെ അവരെ ഏല്പിക്കണമെന്നും മൂത്ത സഹോദരിയോട് തുറന്നു പറയുന്നു. മാത്രമല്ല അയാൾ കോളേജിൽവെച്ചു പരിചയപ്പെട്ട സാഥിയുടെ സഹോദരി ബീഥിയെ വിവാഹം കഴിച്ച് വീട്ടിലേയ്ക്കു കൂട്ടിക്കൊണ്ടുവരുകയും ചെയ്യുന്നു.

**തെറ്റിദ്ധരിപ്പിക്കപ്പെട്ട സഹോദരികൾ**

വിവാഹാനന്തരം രണ്ട് സഹോദരിമാരും കുറച്ചുകാലം ഒരുമിച്ചാഹ്ളാദിച്ചു ജീവിച്ചെങ്കിലും ജ്യേഷ്ഠത്തിയുടെ കെണിയിൽപ്പെട്ട് ബദ്ധവൈരികളായിത്തീരുവാൻ അധികകാലം വേണ്ടിവന്നില്ല. ഗർഭിണികളായ സാഥിയെയും ബീഥിയേയും പ്രസവത്തിന്നായി ഒരേദിവസം ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഒരു മൃതശിശുവിനെ പ്രസവിച്ച് അബോധാവസ്ഥയിൽ കിടക്കുന്ന ചേച്ചിയുടെ ജീവൻ രക്ഷിക്കുവാൻ ഡോക്ടറുടെ ഉപദേശമനുസരിച്ച്, ബീഥിക്ക് തന്റെ കുഞ്ഞിനെ വിട്ടുപിരിയേണ്ടിവരുന്നു. സഹോദരിക്കുവേണ്ടി ചെയ്ത ഏറ്റവും വലിയ ത്യാഗം നിത്യവേദനയാക്കി മാറ്റിയ ആ സാധു പെൺകുട്ടി ആ കുഞ്ഞിനെ സ്വന്തം കുട്ടിയെപ്പോലെ ശുശ്രൂഷിച്ചു പോ

അൻവർ — വിമോചന സമരത്തിന്റെ നേതാവ്



ന്നു. കുട്ടിമരിച്ച അമ്മയുടെ മുലകുടിക്കുന്ന കുഞ്ഞിന് ആയുസ്സ് കുറയുമെന്നു പറഞ്ഞ് ജ്യേഷ്ഠത്തിയമ്മ തെറ്റിദ്ധരിപ്പിച്ച സാഥി തന്റെ കുഞ്ഞിനെ ഇനിയൊരിക്കലും തൊട്ടുപോകരുതെന്ന് ബീഥിയോട് പറയുന്നതോടെ ആ സഹോദരിമാർ അന്യോന്യം അകലുകയാണ്. ആയിടയ്ക്കാണ് വിമോചനസമരത്തിൽ സജീവമായി പങ്കെടുക്കാറുള്ള റസ്സാക്കിന്നു വെടിവെപ്പിൽ പരിക്കേറ്റ വിവരം അറിയുന്നത്. ബോധരഹിതയായി കിടക്കുന്ന ബീഥിയെ ശുശ്രൂഷിക്കുന്ന തിരക്കിൽ മൂത്ത സഹോദരി വിഷം കലർത്തിയ ഒരു ഗ്ലാസ് വെള്ളം അടുത്ത മുറിയിൽ കൊണ്ടുവെക്കുന്നു. ബീഥിക്ക് കൊടുക്കാനായി വെള്ളത്തിന് പോയ സാഥി അടുത്ത മുറിയിൽ കണ്ട ഗ്ലാസിലെ വെള്ളം ധൃതിയിൽ കൊണ്ടുവന്നവൾക്ക് കൊടുക്കുന്നു. ബോധം തെളിഞ്ഞെങ്കിലും ബീഥിയുടെ നില കൂടുതൽ തകരാറിലായി. ഡോക്ടറുടെ പരിശോധനയിൽ വിഷം കഴിച്ചിട്ടുണ്ടെന്ന് തെളിയുന്നതോടെ സാഥിയെ പൊലീസ് അറസ്റ്റ് ചെയ്തു ജയിലിലടയ്ക്കുന്നു. എങ്കിലും ഇതിന്റെ പിന്നിൽ മൂത്ത സഹോദരിയുടെ കൈയുണ്ടെന്ന് പൂർണമായും വിശ്വസിക്കുന്ന അവളുടെ ഭർത്താവും സഹോദരനും അവൾക്കെതിരായി കേസ്സ് നടത്തുന്നു. വധശ്രമത്തിന് മൂത്ത സഹോദരിയെ ശിക്ഷിക്കുന്നതോടെ കഥയവസാനിക്കുന്നു.

ഇതിലെ മിക്ക കഥാപാത്രങ്ങളും സാധാരണ ജീവിതത്തിൽ കണ്ടുമുട്ടുന്നവരാണ്. എങ്കിലും സ്വേച്ഛാധിപത്യത്തിന്റെ ക്രൂരസ്വഭാവം പ്രേക്ഷകർക്ക് എളുപ്പം മനസ്സിലാകാത്തക്ക രീതിയിൽ മൂത്ത സഹോദരിയെ അതിന്റെ ഉജ്ജ്വല പ്രതീകമായി വാർത്തെടുക്കുന്നതിൽ തങ്ങിനിൽക്കുന്ന ഭാവനാത്മകത എടുത്തുപറയാതെ വയ്യ. സമാധാനപ്രിയരായ സാധാരണജനങ്ങളെക്കൂടി അധികകാലം ഏതു ക്രൂരവാഴ്ചയ്ക്കും അടക്കിഭരിക്കാൻ കഴിയുകയില്ലെന്നാണ് സഹോദരിക്ക് എതിരാവുന്ന ശാന്തശീലനായ അവളുടെ ഭർത്താവിന്റെയും മൂത്ത സഹോദരന്റെയും പാത്രസൃഷ്ടിയിൽ തെളിഞ്ഞുകാണുന്നത്, ചിത്രത്തിന്റെ തുടക്കത്തിലും സഹോദരിയുടെ സാരിത്തുമ്പിലും കാണുന്ന താക്കോൽക്കൂട്ടം സ്വേച്ഛാധികാരത്തിന്റെ അതിമനോഹരമായ ഒരു പ്രതീകമത്രേ.

### അഭിനയം

എല്ലാ നടീനടന്മാരുടേയും പേരുകൾ ഓർമിക്കുവാൻ കഴിയുന്നില്ലെങ്കിലും, അഭിനയത്തിന്റെ കാര്യത്തിൽ ഇന്ത്യയിലെ ചലച്ചിത്രപ്രേമികളെ ബംഗ്ലാദേശിന്റെ ഈ ആദ്യസംഭാവന ഏറെക്കുറെ പ്രീതിപ്പെടുത്തുമെന്ന് പറയാം. എന്തും ചെയ്യുവാൻ മടിക്കാത്ത കഠിനഹൃദയയായ മൂത്ത സഹോദരിയുടെ ഭാഗം, ചില ചില്ലറ സന്ദർഭങ്ങളിൽ അമിതാഭിനയത്തിന്റെ വക്കിലേയ്ക്ക് വഴുതി വീണിട്ടുണ്ടെങ്കിലും, അതിപ്രഗൽഭമായി അവതരിപ്പിച്ച രോഷൻ ജമീല കഴിവുറ്റ ഒരു നടിയാണെന്നു തീർത്തുപറയാം. അൻവാറിന്റെ ഭാഗമെടുത്ത ചെറുപ്പക്കാരനാണ് (പേര് അറിയുന്നില്ല) ഇതിലെ എടുത്തു പറയേണ്ട മറ്റൊരു നടൻ, തന്റേടവും വീറുമുള്ള ഒരു യുവ രാഷ്ട്രീയ നേതാവിന്റെ എല്ലാ സവിശേഷതകളുമുൾക്കൊണ്ട്, ആ കഥാപാത്രത്തോട് ബഹുമാനം തോന്നക്കത്തക്കവിധം അഭിനയപാടവം കാഴ്ചവെച്ച ഈ നടനെ ബംഗ്ലാദേശിലെ ചലച്ചിത്രവേദിയുടെ വലിയ നേട്ടമായി കരുതാവുന്നതാണ്. സാഥിയുടേയും ബീഥിയുടേയും ഭാഗങ്ങളിൽ പ്രത്യക്ഷപ്പെടുന്ന സുചന്ദയും റോസിയും തങ്ങളുടെ ഭാഗങ്ങൾക്ക് ഉടനീളം അസുലഭമായ മിഴിവണച്ചിട്ടുണ്ട്. ഈ ചിത്രത്തിന്റെ സംഗീത സംവിധായകൻ കൂടിയായ ഖാൻ അത്താർ റഹ്മാൻ ജ്യേഷ്ഠത്തിയുടെ ഭർത്താവിന്റെ റോളിൽ പ്രേക്ഷകരുടെ ഹൃദയം കവരുന്നു. അങ്ങിങ്ങായി ചില സ്ഥലങ്ങളിൽ, നർമരസത്തികവോലുന്ന രംഗങ്ങൾ സൃഷ്ടിച്ച വിവാഹദല്ലാളും അൻവാറിന്റെ വീട്ടിലെ വേലക്കാരനുമാണ്, മൂത്തസഹോദരന്റെയും റസ്സാക്കിന്റെയും ഭാഗങ്ങൾ ഒഴിച്ചാൽ നാം കാണുന്ന മറ്റു രണ്ടു കഥാപാത്രങ്ങൾ.

### സംഗീതം

ഖാൻ അത്താർ റഹ്മാന്റെ കഴിവുറ്റ സംഗീതസംവിധാനമാണ് ഈ ചിത്രത്തിന്റെ വിജയത്തിനു സഹായകമായ മറ്റൊരു ഘടകം. പൂർവബങ്കാളിലെ മനോഹരമായ പ്രകൃതി സൗന്ദര്യത്തിന്റെ പശ്ചാത്തലത്തിൽ കഥയുടെ ഭാവോജ്ജ്വലതയ്ക്കിണങ്ങിയ 'അമാർ സോനാർ ബംഗ്ലാ', 'അമി തുമാർ ഭാലോ ഭാസി' തുടങ്ങിയ രാജ്യസ്നേഹം തുളുമ്പുന്ന ടാഗോർ ഗാനങ്ങൾ ഏതൊരു മനുഷ്യനേയും പുളകമണിയിക്കാതിരിക്കില്ല. ശബ്ദലേഖനം, ഛായാഗ്രഹണം എന്നിങ്ങനെയുള്ള സാങ്കേതികവശങ്ങൾക്ക് തികഞ്ഞ പരിപൂർണത ലഭിച്ചിട്ടില്ലെങ്കിലും ഒരൊന്നാന്തരം ഔട്ട്ഡോർ പടമായി ഇതിനെ കണക്കാക്കാവുന്നതാണ്.

വൈവിദ്ധ്യമില്ലാത്ത പ്രേമകഥകളിൽ കഴമ്പില്ലാത്ത ഗാനങ്ങൾ നിരവധി പ്രേമരംഗങ്ങൾ, ഇടക്കിടയ്ക്ക് കണ്ണുനീർ, മനം പുരട്ടുന്ന ഏച്ചുകൂട്ടിയ ബോറൻ തമാശരംഗങ്ങൾ, തുടങ്ങിയ സ്ഥിരം കരുക്കൾ ഒരുവിധം കൂട്ടിക്കുഴച്ച് ഒരു വിഭാഗം സ്ഥിരം ആസ്വാദകരെ മുന്നിൽ കണ്ടുകൊണ്ടു നീണ്ടു നീണ്ടു പോകുന്ന ചിത്രാഭാസങ്ങൾ കച്ചവടച്ചരക്കുകൾ പോലെ പടച്ചുവിടുന്ന നമ്മുടെ പലേ നിർമാതാക്കൾക്കും സംവിധായകർക്കും ബംഗ്ലാദേശ് ചലച്ചിത്രവേദി കാഴ്ചവെയ്ക്കുന്ന, മാനുഷികമൂല്യങ്ങളും ദേശാഭിമാനവും ഒത്തിണങ്ങിയ ഈ ചിത്രം, ചെറിയൊരളവിലെങ്കിലും പ്രചോദകമായി തീർന്നേക്കുമെന്ന് ഒരു വിഭാഗം പ്രേക്ഷകർ കരുതുന്നുണ്ടെങ്കിൽ അതിൽ അവരെ കുറ്റപ്പെടുത്തേണ്ടതില്ല.